# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 375

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഒക്ടോബർ 25–ാം തീയതി ഞായറാഴ്ച സഭയായി ക്രിസ്തീയ കുടുംബ പ്രതിഷ്ഠാദിനമായി വേർതിരിച്ചിരിക്കുന്ന ദിനമാണല്ലോ. 'വിശ്വാസം ഉരുവാക്കപ്പെടേണ്ട കുടുംബം' എന്നതാണ് ഈ വർഷത്തെ ധ്യാനവിഷയം. വി. ലൂക്കോസ് 19: 1–10 വരെയുള്ള വേദഭാഗം അടിസ്ഥാനമാക്കി ക്രിസ്തുവും സക്കായിയും തമ്മിലുള്ള കണ്ടുമുട്ടലാണ് ഈ ദിനത്തിലെ ധ്യാനത്തിനു അടിസ്ഥാനമാക്കിയിരിക്കുന്നത്. ക്രിസ്തുവും സക്കായിയും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഫലം സക്കായിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. ആ കുടുംബത്തിന്റെ തന്നെ രക്ഷയിലേക്കു നയിക്കുന്നതായിരുന്നു. കർത്താവുമായുള്ള കണ്ടുമുട്ടലിൽ സക്കായി കണ്ടെത്തിയത് യേശു എന്ന വ്യക്തിയെ മാത്രമായിരുന്നില്ല. തന്റെ പേരുചൊല്ലി വിളിച്ച് തന്നെ സ്നേഹിച്ച് തന്റെ കൂടെ പാർക്കാൻ വരുന്ന ദൈവത്തെത്തന്നെയായിരുന്നു. നമ്മെ ഓരോരുത്തരേയും പേരുചൊല്ലിവിളിച്ച് നമ്മോടുകൂടെ പാർക്കുന്ന കർത്താവിന്റെ ഭവനങ്ങളായി നമ്മുടെ ഓരോ ഭവനവും മാറണം. അപ്പോൾ കർത്താവു പറയും 'ഇന്ന് ഈ ഭവനത്തിനു രക്ഷ വന്നു.' ആരാധനാലയങ്ങൾ അടഞ്ഞുകിടക്കുന്ന ഇപ്പോഴത്തെ പ്രത്യേക പരിസ്ഥിതിയിൽ നമ്മുടെ ഓരോ ഭവനത്തേയും കർത്താവിന്റെ ആലയമായി രൂപപ്പെടുത്താനുള്ള അവസരമാണ് ദൈവം നമുക്കു നൽകിയിരിക്കുന്നത്. ദൈവകൃപ വന്നു നിറയുമ്പോൾ ഓരോ കുടുംബവും സ്നേഹത്തിന്റെ ആലയങ്ങളായി മാറും. അവിടെ പരസ്പരം അംഗീകരിക്കുന്നതിന്റെയും ആദരിക്കുന്നതിന്റെയും, കരുതുന്നതിന്റെയും അന്തരീക്ഷം നിശ്ചയമായും രൂപപ്പെടും. ഉൽപത്തി പുസ്തകത്തിൽ ദൈവം ഉയർത്തിയ പ്രസക്തമായ രണ്ടു ചോദ്യങ്ങൾ ''നീ എവിടെ?'' ''നിന്റെ സഹോദരൻ എവിടെ?'' എന്നതായിരുന്നുവല്ലോ. അതോടൊപ്പം തന്നെ 'നിന്റെ മാതാപിതാക്കളെവിടെ?' 'നിന്റെ മക്കളെവിടെ?' എന്നീ ചോദ്യങ്ങൾ കൂടെ ചോദിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. മക്കൾ നഷ്ടപ്പെടാതിരിക്കാൻ മാതാപിതാക്കൾ കണ്ണുനീരോടുകൂടി മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ തള്ളിക്കളയുന്ന അവസ്ഥ ഒരിക്കലും ഉണ്ടാകരുത്. ദൈവം തന്റെ ജനത്തിനു നൽകിയ വാഗ്ദത്തത്തോടുകൂടിയ കൽപ്പന ''നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക'' എന്നതായിരുന്നല്ലോ. നമ്മുടെ സമർപ്പണം പുതുക്കുന്ന സന്ദർഭമായി ഈ കുടുംബ പ്രതിഷ്ഠാദിനം തീരട്ടെ എന്നു പ്രാർത്ഥിക്കാം.

ക്രിസ്തീയ കുടുംബദിനം കുടുംബങ്ങളുടെ പുനഃപ്രതിഷ്ഠയ്ക്കും സമർപ്പണത്തിനും ഉള്ള അവസരമാകണം. കുടുംബപ്രാർത്ഥന അർത്ഥവത്തും അനുഗ്രഹകരവുമാക്കിത്തീർക്കുന്നത് പതിവാക്കണം. അഴിമതി, ആഡംബരം, മദ്യപാനം മുതലായ ദോഷങ്ങൾ വിട്ടൊഴിയുമെന്ന് ഓരോ കുടുംബവും പ്രതിജ്ഞയെടുക്കണം. ആവശ്യത്തിലിരിക്കുന്നവർ, ഏകാന്തത അനുഭവിക്കുന്നവർ മുതലായവർക്ക് സഹായവും സ്നേഹവും നല്കുന്നതിന് ഇടവകയായി ശ്രമിക്കണം. കുടുംബമായി നമുക്കു ലഭിച്ചിരിക്കുന്ന ദൈവീക കൃപകളെ ഓർത്തു സ്തുതിസ്തോത്രങ്ങൾ കരേറ്റുന്നതിനും നമ്മെ ദൈവസന്നിധിയിൽ വിനയപ്പെടുത്തുന്നതിനും സമർപ്പിക്കുന്നതിനുമായി ഈ ദിനം ഉപയോഗിക്കാം.

പരസ്പര വിശ്വാസം, കരുതൽ, ജീവിത വിശുദ്ധി എന്നിവയ്ക്കു ഭംഗം വന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ അർത്ഥവത്തും അനുഗ്രഹകരവും ആയ കുടുംബ ജീവിതം നയിക്കുന്നതിനു ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കാം.

യോശുവായോടു ചേർന്നു നമുക്കും പറയാം ''ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും.''

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 ഒക്ടോബർ മാസം 16–ാം തീയതി,

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ